**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*117 03.12.2015 -ലെ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. മോയിൻ കുട്ടി<br>,, കെ. എം. ഷാജി<br>,, എം. ഉമ്മർ<br>,, പി. കെ. ബഷീർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക പദവിയോടെ ഉന്നതവിദ്യാഭ്യാസ മേഖലകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | അന്താരാഷ്ട്രതലത്തിലെ കോഴ്സുകൾ ലഭ്യമാക്കുക, അന്താരാഷ്ട്ര തലത്തിലെ പ്രശസ്തരായ ഫാക്കൽറ്റികളുടെ സേവനങ്ങൾ, സിലബസ് തയ്യാറാക്കൽ , തദ്ദേശീയ ഫാക്കൽറ്റികൾക്ക് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുമായി ചേർന്ന് ഉന്നതവിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി ഉയർത്തുക, കുറഞ്ഞ നിരക്കിൽ അന്താരാഷ്ട്ര തല കോഴ്സുകൾ പഠിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. അതിലൂടെ കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഒരു അന്താരാഷ്ട്ര ഹബ്ബ് ആയി ഉയർത്തുക, ഇവയാണ് അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലകളിലെ ലക്ഷ്യങ്ങൾ. |
| (സി) | സ്വകാര്യ മേഖലയിൽ അക്കാദമിക് സിറ്റികൾക്ക് അനുമതി നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ നിലവിലെ വിദ്യാഭ്യാസ സംവിധാനത്തെ അത് ഏത് വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അക്കാദമിക് സിറ്റി രൂപീകരണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും 2016 ജനുവരി 29,30 തീയതികളിൽ നടത്താനിരിക്കുന്ന ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിലെ ചർച്ചാവിഷയങ്ങളിൽ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ